Rama Varmha Tampuran.—The request from the Azhikode Societyfor a loan was not granted.

Destruction of Agricultural land by sea-erosion—investigations by the Harbour Engineer.

63. **Mr. K.M. Ibrahim.**—With reference to question No. 173, 17th December 1931, regarding destruction of agricultural land due to sea-erosion and in the light of the Government's remarks on the subject in the last sitting, will the Government be pleased to place on the table a copy of the views of the Harbour Engineer?

Mr. V. K. Aravindaksha Menon.—The investigations have not yet beenmade by the Harbour Engineer-in-Chief.

Opening of Poor House.

64. **Mr. K. M. Ibrahim.**—With reference to question No. 223, 17th December 1931, regarding Poor House, will the Government be pleased to state when it will open and receive inmates?

Dr. D. Raghavendra Rao.—The Poor House was formally opened to receive inmates on 2nd Edavam 1108.

Causes of crimes.

65. **Mr. K.M. Ibrahim.**—With reference to question No. 251, 18th Decemter 1931, regarding the economic aspect of crimes, will the Government be pleased to state whether want and penury never caused crimes?

Mr. P. Nilakanta Menon.—Want and penury may sometimes cause crimes.

Petition—Bavunni and others.

66. **Mr. K.M. Ibrahim.**—Will the Government be pleased to place on the table a copy of the petition from Mr. Bavunni and others to the Cranganur Magistrate on or about the first of Meenam 1108; and

(2) state what action has been taken thereon?

Rama Varmha Tampuran.—(1) Copy is placed on the table (*Appendix III*).

(2) The cases filed in court including the Police charge case were compromised by the parties.

Necessity for marriage laws.

67. **Mr. K. M. Ibrahim.**—With reference to questions Nos. 274 and 281, 18th December 1931 regarding the necessity

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III.

(Vide answer to Question No. 66)

കൊട്ടങ്ങല്ലൂർ ഫ-ാംക്ലാസ്സ് മജിസ്ട്രേട്ട് കോടതി

മുമ്പാകെ.

കൊട്ടങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജിൽ പുഴക്കരയില്ലത്ത് ജെയിനിക്കുട്ടി മകൻ അഴീക്കോട്ട് പബ്ലിക്ക് റിലീഫ് ബോട്ടുകമ്പനിവക ഫത്താഹ്ൽ ഖത്തം ബോട്ടിലെ സ്രാങ്ക് ബാവുണ്ണി. ഫ. ടി ബോട്ടിലെ ക്ലാസീ മേത്തല വില്ലേജിൽ നെല്ലിപ്പറമ്പത്ത് കരുണാകരൻ മകൻ നാരായണൻ. — ഹർജിക്കാർ.

ക. എക്സ്പ്രസ്സ്ബോട്ടുകമ്പനിവക കോട്ടപ്പുറം കൊച്ചിലൈൻ ഓടുന്ന എൻടർപ്രൈസ്സ് ബോട്ടിലെ സ്രാങ്ക് കോണത്തു ലോനൻകുട്ടി. ഖ. ടി ബോട്ടിലെ മാസ്റ്റർ പറവൂർ വടക്കേക്കര പ്രവൃത്തി മുനമ്പു മുറിയിൽ മാപ്പിയേഴത്ത് അബ്ദുറഹിമാൻ മകൻ ഹസ്സൻ. ന. ടി ബോട്ടിലെ ഡ്രൈവർ പറവൂർ വടക്കേക്കര പ്രവൃത്തി മുനമ്പു മുറിയിൽ തൈപ്പറമ്പിൽ ഉള്ളിച്ചൻ മകൻ ഔസ്സിക്ക. ര. ടി കമ്പനിവക എക്സ്പ്രസ്സ് ബോട്ടിലെ സ്രാങ്ക് പറവൂർകാരൻ ഈഴവൻ രാമൻ മകൻ സുബ്രഹ്മണ്യൻ. ങ. ടി ബോട്ടിലെ മാസ്റ്റർ അയ്യമ്പിള്ളിക്കാരൻ ഈഴവൻ കൊച്ചുണ്ണി. ന്യ-യങ്ങലയൺ ബോട്ടിലെ സ്രാങ്ക് ചീക്കുട്ടി. ച. എക്സ്പ്രസ്സ ബോട്ടിലെ ഡ്രൈവർ ഗോവിന്ദൻ. വ. എക്സ്പ്രസ്സ ബോട്ടിൽ പകരം ജോലി നോക്കുന്ന സ്രാങ്ക് കുമാരൻ. ൻ. എക്സ്പ്രസ്സ ബോട്ടു കമ്പനി വക മുനമ്പം ജെട്ടിമാസ്റ്റർ പടമാട്ടുമ്മൽ വക്കി അഗസ്തീഞ്ഞ. — എതുകക്ഷികൾ.

ഹർജി സംഗതി.

ക. ഞങ്ങളിൽ ക-ാംഹർജിക്കാരൻ പബ്ലിക്ക് റിലീഫ് ബോട്ടുകമ്പനിവക ഫത്താഹ്ൽഖത്തം ബോട്ടിലെ സ്രാങ്കും ഖ-ാംഹർജിക്കാരൻ ടി ബോട്ടിലെ ക്ലാസ്സിയുമാകുന്നു.

ഖ. ഞങ്ങളെ ക മുതൽ ങ വരെ എതുകക്ഷികൾ ഇന്നലെ രാത്രി ഉദ്ദേശം ൧൧ മണിക്കുശേഷം കോട്ടപ്പുറം കുരിശുപള്ളിക്കു കിഴക്കുവശം കനാൽ ജെട്ടിയിലേക്കു പോകുന്ന വഴിയിൽവെച്ച് കേവലം മൃഗപ്രായമായവിധത്തിൽ ദേഹോപദ്രവം ഏല്പിച്ചും വിരോധിച്ചാ ഖ-ാംഹർജിക്കാരന്റെ കയ്യിന്മേൽ കത്തികൊണ്ടു മുറിവു ഏല്പിക്കുകയും ചെയ്ത സംഗതിക്കും മറ്റും ഈ കോടതി മുമ്പാകെ ഇന്നേടിവസം ഒന്നായം ബോധിപ്പിച്ചിട്ടുണ്ട്.

ന. മേൽപറഞ്ഞ കത്തികൊണ്ടുള്ള കുത്തു രണ്ടാം ഹർജിക്കാരന്റെ പുറത്തു കൊള്ളുവാൻ ഉദ്ദേശിച്ചതും കുത്തിയതും അയ

LIBRARY ARCHIVES Kerala Legislative Assembly

ള ക-ാംഹർജിക്കാരന് തടഞ്ഞ ഹേതുവാൽ പുറത്തു കൊള്ളാതെ കയ്യിൽ കൊള്ളുവാൻ മാത്രം ഇടയായതും സംഗതിവശാൽ തടുക്കാതിരിക്കയും പുറത്തു കൊള്ളുകയും ചെയ്തിരുന്നെങ്കിൽ ഏറ്റവും ആപൽക്കരമായി പരിണമിക്കുമായിരുന്നതുമാകുന്നു.

൪. എതികക്ഷികൾ എല്ലാവരും മുൻപറഞ്ഞ മൂന്നു ബോട്ടുകളിലുമായി ജോലിക്കാരും കൂട്ടുകെട്ടുകാരുമാകുന്നു.

൫. എതികക്ഷികൾക്കു ഞങ്ങളോടുള്ള വിരോധത്തിന്റെ കാരണം ഞങ്ങൾ ചുരുങ്ങിയ കൂലിക്കു യാത്രക്കാരെ ഞങ്ങളുടെ ബോട്ടിൽ കയറ്റി കൊണ്ടുപോകുന്നു എന്നുള്ളതാകുന്നു.

൬. മേൽപറഞ്ഞ ദ്വേഷത്താലും ഞങ്ങൾ അന്യായംകൊടുക്കുവാൻ പോന്നിട്ടുള്ള വിവരം അറിഞ്ഞും എതികക്ഷികൾ ഞങ്ങളെ ഇനിയും കൂടുതലായി ദ്രോഹോപദ്രവം ഏല്പിക്കുവാൻ ഒരുക്കമുണ്ടെന്നു് ഇന്നുകാലത്തു കോട്ടപ്പുറം ബോട്ടുജെട്ടിയിൽവെച്ചു് പരസ്യമായി ഞങ്ങളോടു പറഞ്ഞ ഞങ്ങളെ ഭയപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

൭. അതിനുംപുറമെ ഇന്നുകാലത്തു കോട്ടപ്പുറത്തു ഞങ്ങൾ ഞങ്ങളുടെ ബോട്ടിൽ ഇരിക്കുമ്പോൾ എതികക്ഷികളും അവരുടെ ആൾക്കാരായ മുന്നമ്പുകാർ ചിലരും കൂടി "ഇങ്ങോട്ടു ഇറങ്ങിവാടാ കാണിച്ചുതരാം" എന്നും മറും പറഞ്ഞു് ഞങ്ങളെ ഭയപ്പെടുത്തുകയും ഞങ്ങളെ അസഹ്യമായ തരത്തിൽ പലേ അസഭ്യവാക്കുകൾ പറഞ്ഞു് ശകാരിക്കുകയും ചെയ്തിരിക്കുന്നു.

൮. എതികക്ഷികൾ സ്വതെ മുഷ്ക്കന്മാരും ആൾസ്വാധീനമുള്ളവരും ക-ം, ന-ം എതികക്ഷികൾ മദ്യപാനികളും ക-ാ എതികക്ഷി പലേ കേസുകളിലും പെട്ടു് ശിക്ഷ സമ്പാദിച്ചിട്ടുള്ളവനും ആകയാൽ ഹർജിക്കാർക്കും എതികക്ഷികളുടെ ഉപദ്രവത്താൽ സൈരമായി പ്രവൃത്തി എടുത്തു സമാധനത്തോടുകൂടി ഉപജീവനം കഴിക്കാൻ സാധിക്കാതേയും വന്നിരിക്കുന്നു.

അതുകൊണ്ടു് കോടതിയിലെ ദയവുണ്ടായി സമാധാനലംഘനവും അഥവാ അപകടംതന്നേയും ഹർജിക്കാർക്കു നേരിടാതിരിക്കാൻവേണ്ടി എതികക്ഷികളെ സംബന്ധിച്ചു് ഉടനെ വേണ്ടുന്നിരോധനങ്ങൾ ചെയ്തു് ഹർജിക്കാരുടെ സങ്കടനിവൃത്തി വരുത്തിത്തരണമെന്നു് അപേക്ഷിക്കുന്നു.

ക ക ൦ വ കുംഭം ന൦-ാംനു-.

എന്നു് ഹരജിക്കാർ.—ക. ബാവുണ്ണി (ഒപ്പു്)
ഖ. നാരായണൻ (ഒപ്പു്)

LIBRARY ARCHIVES Kerala Legislative Assembly